# SSLC EXAMINATION, MARCH - 2021

## MALAYALAM

First Language - Paper II

Time : 1½ Hours — Total Score : 40

**നിർദ്ദേശങ്ങൾ :**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 40 സ്കോർ ആയിരിക്കും.

Score

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക. 1 സ്കോർ വീതം.**

1. ''നെല്ലില്ല. പിശാശുക്കള് ! നെല്ലു കൊണ്ടുചെന്നു
വല്ല പീടികയിലും പെട്ടവിലയ്ക്ക് വിൽക്കാനാണ് .'' — 1

– (പ്ലാവിലക്കഞ്ഞി)

– പുഷ്പവേലിൽ ഔസേപ്പ് നെല്ല് കൂലിയായി കൊടുക്കാതിരുന്നത് എന്തുകൊണ്ട് ?

- നെല്ല് കൈവശമില്ലാത്തതുകൊണ്ട്.
- നെല്ലിന് നല്ല വിലയുള്ളതുകൊണ്ട്.
- തൊഴിലാളികൾക്ക് നെല്ല് ആവശ്യമില്ലാത്തതുകൊണ്ട്.
- നെല്ലിന് വിലയില്ലാത്തതുകൊണ്ട്.

2. ''പാടയും പീളയും മൂടിയ കണ്ണുകൾ
ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ.'' — 1

– (അമ്മത്തൊട്ടിൽ)

– ഈ വരികൾ നൽകുന്ന അർത്ഥസൂചന എന്ത് ?

- അമ്മയുടെ അവശതയും അനാരോഗ്യവും
- മകന്റെ പ്രവൃത്തിയിലുള്ള അതൃപ്തി
- അമ്മയ്ക്ക് കണ്ണടച്ചു തുറക്കാനുള്ള മടി
- കാഴ്ച കുറഞ്ഞതിലുള്ള സങ്കടം

Score

3\. ''അതോർത്ത് ഞ്ഞ് വെഷമിക്കേണ്ട. ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്കു തോന്നീട്ടില്ല.'' 1

– (ഓരോ വിളിയും കാത്ത് )

– അമ്മ ഇങ്ങനെ പറയാൻ കാരണമെന്ത് ?

- മകൻ തന്റെ കൂടെ താമസിക്കുന്നതുകൊണ്ട്.
- വീട്ടിലെ കാര്യങ്ങൾ കണാരനെ ഏൽപ്പിച്ചതുകൊണ്ട്.
- മകനോടൊപ്പം നഗരത്തിലേക്ക് പോകുന്നതുകൊണ്ട്.
- അച്ഛന്റെ സാന്നിധ്യം വീട്ടിലുണ്ടെന്ന് കരുതുന്നതുകൊണ്ട്.

4\. യുദ്ധകാലമായതോടെ മാവുകൾക്കു വിലകൂടി. 1

– യുദ്ധകാലം എന്ന പദം ശരിയായി വിഗ്രഹിച്ചെഴുതിയത് ഏത് ?

- യുദ്ധവും കാലവും
- യുദ്ധത്തിന്റെ കാലം
- യുദ്ധമാകുന്ന കാലം
- യുദ്ധമായ കാലം

5\. രണ്ടുപേർക്കും അവരവരുടെ കാര്യമായി. 1
ചെറുപ്പത്തിലെ ചെങ്ങാത്തം <u>തേഞ്ഞുമാഞ്ഞുപോയി</u>.

– (കോഴിയും കിഴവിയും)

– അടിവരയിട്ട പ്രയോഗം നൽകുന്ന അർത്ഥസൂചന എന്ത് ?

- സൗഹൃദം തീരെ ഇല്ലാതായി.
- സൗഹൃദത്തിന് തിളക്കം കുറഞ്ഞു.
- സൗഹൃദം ആഗ്രഹിക്കുന്നില്ല.
- സൗഹൃദം തുടരുന്നു.

6\. ''ആരു വായിക്കുമീ മായുമെഴുത്തുകൾ 1
ആരുടെ നാവിലുയിർക്കുമിച്ചൊല്ലുകൾ''

– (അമ്മയുടെ എഴുത്തുകൾ)

– ഈ വരികളിൽ പ്രകടമാകുന്ന കവിയുടെ ആശങ്കയെന്ത് ?

- അക്ഷരങ്ങൾ മാഞ്ഞുപോകുന്നു.
- പുതിയ തലമുറ മാതൃഭാഷയിൽ നിന്ന് അകലുന്നു.
- ചൊല്ലുകൾക്ക് പ്രസക്തിയില്ലാതാകുന്നു.
- സംസാരശേഷി നഷ്ടപ്പെടുന്നു.

Score

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.**

7. ''അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗനത്തിലേക്ക് ഇറങ്ങിപ്പോവുന്നു.'' 2

– (ഓരോ വിളിയും കാത്ത്)

– കഥാസന്ദർഭത്തിലെ ആശയം സൂചനകളായി എഴുതുക.

8. അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി മാറ്റിയെഴുതുക. 2

– കൈനകരി മുഴുവൻ രാത്രിയിൽ ഊന്നിനടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു.

9. ''പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ- 2

രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു.''

– (അമ്മത്തൊട്ടിൽ)

– ഈ വരികൾ നൽകുന്ന അർഥസൂചനകൾ എന്തെല്ലാം ? രണ്ടെണ്ണം കുറിക്കുക.

10. ''ഈ റേഡിയോം പാട്ടുക്കെ ഇനിക്കത്ര പിടിത്തല്ല്യാ. 2

മനഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള് !

ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം.''

– (പണയം)

– കഥാസന്ദർഭത്തിൽ തെളിയുന്ന ചെമ്പുമത്തായിയുടെ രണ്ടു സ്വഭാവസവിശേഷതകൾ എഴുതുക.

11. ''പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്.'' 2

– (പത്രനീതി)

– സാമുവൽ ബട്‌ലറുടെ ഈ നിരീക്ഷണത്തിന്റെ പൊരുൾ എന്ത് ?

**12 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.**

12. ''കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തുവരുത്തുകയില്ല.'' 4

– (കൊച്ചുചക്കരച്ചി)

– അമ്മയുടെ ഈ വാക്കുകളിൽ പ്രകടമാകുന്നതെന്ത് ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

Score

13. ''ഒരു ചട്ടിയുടെ ഇരുവശമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു തുടങ്ങി.'' 4

– (പ്ലാവിലക്കഞ്ഞി)

– ദാരിദ്രത്തിനിടയിലും ഊഷ്മളമായ സ്നേഹബന്ധം കാത്തുസൂക്ഷിക്കാൻ കോരനും ചിരുതയ്ക്കും സാധിക്കുന്നുണ്ടോ ? കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

14. ''നല്ല വെള്ളോല്ല, നിലാവുല്ല, കുമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത് ?'' 4

– (ഒരോ വിളിയും കാത്ത്)

– നഗരജീവിതത്തെക്കുറിച്ചുള്ള അമ്മയുടെ അഭിപ്രായം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

15. ''അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ- 4

ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.''

– (അമ്മത്തൊട്ടിൽ)

– അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ മകനിൽ മാനസിക സംഘർഷം സൃഷ്ടിക്കുന്നുണ്ടോ ? കവിതയിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക.

16. ''അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ടു ദെവസം പത്തായി. കപ്പ തന്നെ കപ്പ.'' 4

* * *

''അങ്ങനെ പാതിരായ്ക്കു ശേഷം അടുപ്പിൽ തീ എരിഞ്ഞു. ആ കുടിലിൽ വെളിച്ചമുണ്ടായി.''

– (പ്ലാവിലക്കഞ്ഞി)

– പാഠസന്ദർഭങ്ങളിൽ തെളിയുന്ന കർഷകത്തൊഴിലാളികളുടെ ജീവിതാവസ്ഥ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

17. ''ഞാനെങ്ങന്യാ മോനേ വര്വാ ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ....'' 4

– (ഓരോ വിളിയും കാത്ത്)

– ഇങ്ങനെ പറയാൻ അമ്മയെ പ്രേരിപ്പിച്ചതെന്തൊക്കെയാവാം ? നിങ്ങളുടെ നിഗമനങ്ങൾ എഴുതുക.

Score

18. ''കാവുകുളങ്ങരെ നിന്ന ചക്കരച്ചിയുടെ പരിമളം ഇപ്പോഴും ഓർക്കാൻ കഴിയും. അങ്ങനെ പല പല മാവുകൾ അവരുടെ പ്രത്യേക സ്വാദുകളുമായി ഓടി എത്തുന്നു.'' 4

– (കൊച്ചുചക്കരച്ചി)

– പാഠഭാഗത്ത് സൂചിപ്പിക്കുന്നതുപോലെയുള്ള ബാല്യകാലാനുഭവങ്ങൾ ഇന്നത്തെ തലമുറയ്ക്ക് ലഭിക്കുന്നുണ്ടോ ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

19. ''കുന്നിൻപുറത്തുള്ള തെങ്ങിൽ തേങ്ങ വരണ്ടിരിക്കുന്നു. കന്നിനെല്ലിന് വേലി കെട്ടാൻ സമയമായി. വരമ്പിലേക്കു ചാഞ്ഞുകിടക്കുന്ന കതിരിൽ ചവിട്ടി അതാ ആരോ നടന്നുപോകുന്നു.'' 4

– (ഓരോ വിളിയും കാത്ത്)

– അച്ഛന് കൃഷിയോടും പ്രകൃതിയോടുമുള്ള അടുപ്പം കഥാസന്ദർഭത്തിൽ പ്രതിഫലിക്കുന്നതെങ്ങനെ ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

20. ''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന ശ്രീനാരായണസന്ദേശം എക്കാലത്തും ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരിക വികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ ഒരു വിശിഷ്ടാശയമാണ്.'' 4

– (ശ്രീനാരായണഗുരു)

– ലേഖകന്റെ ഈ നിരീക്ഷണം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

21. ''എന്റെ കണക്കൊക്കെ തെറ്റീലോ മത്തായിമൂപ്പരേ, ഒക്കെ നിങ്ങള് എഴുതിവയ്ക്കണം.'' 4

– (പണയം)

– ഈ വാക്കുകളിൽ തെളിയുന്ന ചാക്കുണ്ണിയുടെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**22 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.**

22. ''എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി- 6
കെട്ടു കരിന്തിരിയാളും വരെയവർ
ഒന്നെന്നെ കൊണ്ടുപോയിടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ ?''

– അമ്മത്തൊട്ടിൽ എന്ന കവിതയുടെ ആശയവും സമകാലികസംഭവങ്ങളും പരിഗണിച്ച് 'വാർദ്ധക്യത്തോടുള്ള സമൂഹത്തിന്റെ മനോഭാവം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

Score

23. ''അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു. ആ കാഴ്ച നോക്കിനിന്നു ചിരുത ആനന്ദിച്ചു.'' 6

* * *

''നീ ഇന്നു വെള്ളം കുടിച്ചതല്ലല്ലോ. എനിക്കു വയറുനെറഞ്ഞു.''

* * *

''നെല്ലു കൂലി കിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത് ? കോരൻ ചിന്തിച്ചു.''

– (പ്ലാവിലക്കഞ്ഞി)

– പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കോരൻ എന്ന കഥാപാത്രത്തെ കുറിച്ച് നിരൂപണം തയ്യാറാക്കുക.

24. നന്മകൾ നിറഞ്ഞ ഗ്രാമീണജീവിതവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധവുമാണല്ലോ 'കൊച്ചുചക്കരച്ചി'യിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. 6

– ഇത്തരത്തിലുള്ള ബന്ധം ഇന്നു നിലനിൽക്കുന്നുണ്ടോ ? പാഠഭാഗത്തെ ആശയവും നിങ്ങളുടെ നിരീക്ഷണങ്ങളും ഉൾപ്പെടുത്തി 'പ്രകൃതിയും മനുഷ്യനും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

25. ''പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.'' 6

– (പത്രനീതി)

* * *

''സമൂഹത്തിന് ദിശാബോധം നൽകാനും ഗുണപരമായ മാറ്റങ്ങൾ വരുത്താനും പത്രങ്ങൾക്ക് സാധിക്കുന്നു.''

– പത്രത്തെക്കുറിച്ച് നൽകിയിരിക്കുന്ന വ്യത്യസ്തമായ നിരീക്ഷണങ്ങളും പാഠഭാഗത്തിലെ ആശയവും പരിഗണിച്ച് 'മാധ്യമങ്ങളും സമൂഹവും' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

-oOo-